**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6444** **20-03-2023 - ൽ മറുപടിയ്ക്ക്**

**ഡാമുകളുടെ സുരക്ഷാ പരിശോധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഡാമുകൾക്ക് കാലാവസ്ഥ വ്യതിയാനങ്ങൾക്കനുസരിച്ച് സുരക്ഷാ ഭീഷണിയുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | സംസ്ഥാനത്ത് ജലസേചന വകുപ്പിന് കീഴിലുള്ള ഡാമുകൾക്ക് കാലാവസ്ഥ വ്യതിയാനങ്ങൾക്കനുസരിച്ച സുരക്ഷാ ഭീഷണിയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | സംസ്ഥാനത്തെ എല്ലാ ഡാമുകളുടെയും ബലം, സംഭരണശേഷി, സാങ്കേതിക സംവിധാനങ്ങൾ എന്നിവ സംബന്ധിച്ച് പരിശോധനകൾ നടത്തുമോ; ഇതിനായി പ്രത്യേക സംഘത്തെ നിയമിക്കുമോ; | (ബി) | സംസ്ഥാനത്തെ എല്ലാ ഡാമുകളിലും ബലം, സംഭരണശേഷി, സാങ്കേതിക സംവിധാനങ്ങൾ എന്നിവ വിലയിരുത്തുന്നതിനായി മഴക്കാലത്തിനു മുമ്പും പിൻപും ഡാം പരിശോധനകൾ കേന്ദ്ര ജലകമ്മീഷന്റെ (CWC) മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് അതത് ഡാം എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ നടത്തി റിപ്പോർട്ട് തയ്യാറാക്കുകയും വേണ്ട പരിഹാര പ്രവൃത്തികൾ ചെയ്തു വരികയും ചെയ്യുന്നു.<br><br>കൂടാതെ ലോകബാങ്കിന്റെ സഹായത്തോടെ ജലസേചന വകുപ്പിന്റെ കീഴിൽ നടപ്പിലാക്കുന്ന Dam Rehabilitation and Improvement Project (DRIP) -ൽ ഉൾപ്പെടുത്തി 16 ഡാമുകളിൽ വിശദമായ സുരക്ഷാ പരിശോധന Dam Safety Review Panel (DSRP) മുഖാന്തിരം നടത്തി റിപ്പോർട്ട് തയ്യാറാക്കി, ആവശ്യമുള്ള പുനരുദ്ധാരണ പരിപാലന പ്രവൃത്തികൾക്കായി നടപടികൾ ആരംഭിച്ചിട്ടുണ്ട് .<br><br>അന്തർ സംസ്ഥാന നദീജല കരാറുകളുടെ (പെരിയാർ പാട്ട ക്കരാർ, പറമ്പിക്കുളം- ആളിയാർ പദ്ധതി കരാർ) പരിധിയിലുള്ള കേരളത്തിൽ സ്ഥിതി ചെയ്യുന്ന മുല്ലപ്പെരിയാർ, പറമ്പിക്കുളം, പെരുവാരിപ്പള്ളം, തുണക്കടവ് എന്നീ നാല് അണക്കെട്ടുകളുടെ സുരക്ഷ സംബന്ധിച്ച പരിശോധനകൾ നടത്തുന്നത് തമിഴ്നാട് സർക്കാർ ആണ്. മുല്ലപ്പെരിയാർ അണക്കെട്ടിനെ സംബന്ധിച്ച് |

| | | | |
|---|---|---|---|
| | | | ബഹു. സുപ്രീം കോടതി നിയോഗിച്ച മേൽനോട്ട സമിതിയും സുരക്ഷ സംബന്ധിച്ച പരിശോധനകൾ നടത്തുന്നുണ്ട്. |
| (സി) | കാലവർഷം തുടങ്ങുന്നതിന് മുൻപായി ഡാമുകളിലെ ജലനിരപ്പ് കുറയ്ക്കുന്നതിനും ജനങ്ങളുടെ ആശങ്കയകറ്റുന്നതിനും നടപടി സ്വീകരിക്കുമോ; ഇതിനായി എമർജൻസി ആക്ഷൻ പ്ലാൻ തയ്യാറാക്കുമോ? | (സി) | കാലവർഷം തുടങ്ങുന്നതിന് മുമ്പായി എല്ലാ ഡാമുകളിലും CWC മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമുള്ള പരിശോധനകൾ നടത്താറുണ്ട്. 200 MCM-ന് മുകളിൽ സംഭരണ ശേഷിയുള്ള ഡാമുകളായ കല്ലട, മലമ്പുഴ എന്നീ ഡാമുകളിൽ Rule Curve പ്രകാരം ജലസംവിധാനം നിയന്ത്രിച്ച് ജലനിരപ്പ് ക്രമീകരിക്കാറുണ്ട്.<br><br>ജലസേചന വകുപ്പിന് കീഴിലുള്ള 16 ഡാമുകളുടെ Emergency Action Plan (EAP) തയ്യാറാക്കുകയും ഇതിൽ 14 ഡാമുകളുടെ EAP പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>വർഷകാലങ്ങളിൽ, അന്തർ സംസ്ഥാന നദീജല കരാറുകളുടെ (പെരിയാർ പാട്ടക്കരാർ, പറമ്പിക്കുളം-ആളിയാർ പദ്ധതി കരാർ) പരിധിയിലുള്ള കേരളത്തിൽ സ്ഥിതി ചെയ്യുന്ന മുല്ലപ്പെരിയാർ,പറമ്പിക്കുളം, പെരുവാരിപ്പള്ളം, തുണക്കടവ് എന്നീ നാല് അണക്കെട്ടുകളുടെ ജലനിരപ്പിലുള്ള വ്യതിയാനങ്ങൾ സംബന്ധിച്ച മുന്നറിയിപ്പുകൾ തമിഴ്നാട് ജലവിഭവ വകുപ്പ് കേരളത്തിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ മുൻകൂട്ടി അറിയിക്കുകയും, മുന്നറിയിപ്പുകൾ അനുസരിച്ച് ഉചിതമായ നടപടികൾ ജില്ലാ ഭരണകൂടത്തിന്റെയും ദുരന്ത നിവാരണ അതോറിറ്റിയുടെയും നേതൃത്വത്തിൽ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ